**സമയബന്ധിതം**

ഭരണഭാഷ മാതൃഭാഷ

**ഫാക്സ്/ഇ-മെയിൽ മുഖേന**

ഇ.മെയിൽ: 'dmekerala@gmail.com
ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ്) : 2528575
2444270
ഡയറക്ടർ :2444011

**കേരള സർക്കാർ**
**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

മെഡിക്കൽ കോളേജ്. പി.ഒ,
തിരുവനന്തപുരം - 695 011

നമ്പർ സി.എ./2654/2017/മെ.വി.കാ. തീയതി : 8.3.2017

# പരിപത്രം

വിഷയം-: മെ.വി.വ- സേവനകാര്യം - പൊതുസ്ഥലംമാററം- 'ഓൺലൈൻ' മുഖേന നടത്തുന്നത് - സ്പാർക്ക് അപ്ഡേഷൻ-സംബന്ധിച്ച്.

സൂചന-: ഈ ഓഫീസിലെ 24.1.2017ലെ ഇതേ നമ്പർ പരിപത്രം.

*****

ഈ വർഷം മുതൽ പൊതുസ്ഥലംമാററം 'ഓൺലൈൻ' മുഖേന നടത്തേണ്ടതാണെന്ന് സർക്കാർ കർശന നിർദ്ദേശം നൽകിയിരിക്കുന്നു. ആയതിനാൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലെ എല്ലാ ജീവനക്കാരുടെയും സേവനവിവരങ്ങൾ സ്പാർക്കിൽ അപ്ഡേററ് ചെയ്യാൻ എല്ലാ സർക്കാർ മെഡിക്കൽ/ദന്തൽ/നഴ്സിംഗ് കോളേജ് പ്രിൻസിപ്പാൾമാർക്കും സൂചനയിലെ പരിപത്രം പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എല്ലാ ജീവനക്കാരുടെയും സേവന വിവരങ്ങൾ സ്പാർക്കിൽ അപ്ഡേററ് ചെയ്ത് ആയത് സംബന്ധിച്ച സാക്ഷ്യപത്രം എല്ലാ പ്രിൻസിപ്പാൾമാരും നൽകിയിട്ടുണ്ട്. സ്പാർക്കിൽ അപ്ഡേററ് ചെയ്തിട്ടുള്ള, ജീവനക്കാരുടെ സേവന വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും ഓൺലൈൻ മുഖേന പൊതുസ്ഥലം മാററം നടത്തുന്നത്.

ടി സാഹചര്യത്തിൽ സ്പാർക്കിൽ അപ്ഡേററ് ചെയ്തിട്ടുള്ള സേവനവിവരങ്ങൾ പൂർണ്ണവും കൃത്യവുമാണെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ആയതിനാൽ സ്പാർക്കിൽ അപ്ഡേററ് ചെയ്തിട്ടുള്ള സേവന വിവരങ്ങൾ കൃത്യമാണെന്ന് അതാത് ജീവനക്കാർ 2017 മാർച്ച് 31ന് മുമ്പ് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

ഗസററഡ് ഉദ്യോഗസ്ഥർ (അദ്ധ്യാപക/അനദ്ധ്യാപക) അവരവരുടെ പെൻ നമ്പറും പാസ് വേഡും ഉപയോഗിച്ച് സ്വന്തമായും, നോൺ ഗസററഡ് ഉദ്യോഗസ്ഥർ അതാത് ഡി.ഡി.ഒ.യുടെ ഓഫീസുമായി ബന്ധപ്പെട്ടും സേവന വിവരങ്ങൾ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

തിരുത്തലുകൾ എന്തെങ്കിലും ആവശ്യമുള്ളപക്ഷം മതിയായ രേഖകൾ അതാത് ഡി.ഡി.ഒ. മുമ്പാകെ സമർപ്പിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തേണ്ടതാണ്.

(....2)

ടി വിവരം അതാത് ഡി.ഡി.ഒ.മാർ സമയബന്ധിതമായി എല്ലാ ജീവനക്കാരെയും അറിയിക്കേണ്ടതും, സ്പാർക്കിൽ അപ്ഡേററ് ചെയ്ത വിവരങ്ങൾ ജീവനക്കാർക്ക് പരിശോധിക്കുന്നതിനുള്ള സൗകര്യം നൽകേണ്ടതുമാണ്.

പൊതുസ്ഥലംമാററ വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം പൊതുസ്ഥലം മാററ നടപടിക്രമങ്ങൾ പൂർത്തിയാകുന്നതുവരെ സ്പാർക്കിൽ അപ്ഡേററ് ചെയ്തിട്ടുള്ള സേവന വിവരങ്ങളിൽ തിരുത്തലുകൾ അനുവദിക്കുന്നതല്ല.

ഒപ്പ്
ഡോ.ശ്രീകുമാരി.കെ
ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്,

1. പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം/കോട്ടയം/ആലപ്പുഴ/തൃശൂർ/കോഴിക്കോട്/മഞ്ചേരി/ഇടുക്കി/കോന്നി/തിരുവനന്തപുരം (ഇന്ദിരാഗാന്ധി മെഡിക്കൽ കോളേജ്, ജി.എച്ച്.കാമ്പസ്)/കൊല്ലം/എറണാകുളം.
2. പ്രിൻസിപ്പാൾ, സർക്കാർ ദന്തൽ കോളേജ്, തിരുവനന്തപുരം/കോട്ടയം/ആലപ്പുഴ/തൃശൂർ/കോഴിക്കോട്.
3. പ്രിൻസിപ്പാൾ, സർക്കാർ നഴ്സിംഗ് കോളേജ്, തിരുവനന്തപുരം/കോട്ടയം/ആലപ്പുഴ/തൃശൂർ/കോഴിക്കോട്/എറണാകുളം.
4. ജോയിന്റ് ഡയറക്ടർ (എം), മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് കാര്യാലയം, തിരുവനന്തപുരം (സി.എ.മുഖേന).
5. ജോയിന്റ് ഡയറക്ടർ (ജി), മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് കാര്യാലയം, തിരുവനന്തപുരം (സി.എ.മുഖേന).
6. ജോയിന്റ് ഡയറക്ടർ ഓഫ് നഴ്സിംഗ് എഡ്യൂക്കേഷൻ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് കാര്യാലയം, തിരുവനന്തപുരം (സി.എ. മുഖേന).
7. സീനിയർ അഡ്മിനിസ്ട്രേററിവ് ഓഫീസർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് കാര്യാലയം, തിരുവനന്തപുരം (സി.എ. മുഖേന).
8. അഡ്മിനിസ്ട്രേററിവ് അസിസ്റ്റന്റ് I/II/III , മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് കാര്യാലയം, തിരുവനന്തപുരം.
9. സീനിയർ സൂപ്രണ്ട്, അക്കാഡമിക്/ഓഡിററ്/എൻ.സി.വിഭാഗം, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് കാര്യാലയം, തിരുവനന്തപുരം.
10. ഫെയർ കോപ്പി സൂപ്രണ്ട്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് കാര്യാലയം, തിരുവനന്തപുരം.
11. ജൂനിയർ സൂപ്രണ്ട്, ഇ/എഫ്/ജി/എച്ച്/ജെ/കെ വിഭാഗം, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് കാര്യാലയം, തിരുവനന്തപുരം.
12. നോട്ടീസ് ബോർഡ്.
13. ഫയൽ/കരുതൽ ഫയൽ/റെക്കോർഡ്സ് വിഭാഗം.

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്

JR/8.3.2017